പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം: 291 22/06/2012-ൽ മറുപടിക്ക്

ജനന-മരണ സർട്ടിഫിക്കറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.എ.അഹമ്മദ് കബീർ | | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ജനന-മരണ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ളകാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ പ്രസ്തുത സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | ജനന-മരണ രജിസ്ട്രേഷൻ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ചീഫ് രജിസ്ട്രാർ മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളുടെയും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളുടെയും ഉത്തരവുകളിലെയും നിർദ്ദേശങ്ങൾ ക്രോഡീകരിച്ചുകൊണ്ട് ചീഫ് രജിസ്ട്രാർ 08/12/2010-ൽ ബി1-20741/2009-ാം നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിൽ ജനന-മരണ രജിസ്ട്രേഷൻ (താമസിച്ചുള്ള രജിസ്ട്രേഷൻ ഉൾപ്പെടെ), ഉപേക്ഷിക്കപ്പെട്ട/ദത്തെടുത്ത കുട്ടിയുടെ ജനന രജിസ്ട്രേഷൻ, വിദേശത്തു നടന്ന ജനന-മരണങ്ങളുടെ രജിസ്ട്രേഷൻ, ജനന രജിസ്റ്ററിൽ പേരു ചേർക്കൽ, തിരുത്തലുകൾ, സർട്ടിഫിക്കറ്റു നൽകൽ, രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, അപേക്ഷകൾ കൈകാര്യം ചെയ്യേണ്ട രീതി, കമ്പ്യൂട്ടർവൽക്കരണം എന്നിവ സംബന്ധിച്ച കാര്യങ്ങൾ വളരെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആശുപത്രികളിൽ വച്ച് തൽസമയ ജനന-രജിസ്ട്രേഷൻ നടത്തുന്നതിനായി രൂപകല്പനചെയ്ത ഹോസ്പിറ്റൽ കിയോസ്കുകൾ 68 ഗ്രാമപഞ്ചായത്തുകളിലും 42 മുനിസിപ്പാലിറ്റികളിലും കണ്ണൂർ കന്റോൺമെന്റിലും 5 മുനിസിപ്പൽ കോർപ്പറേഷനുകളിലുമായി 425 ആശുപത്രികളിൽ പ്രവർത്തിക്കുന്നു. |
| (സി) | ജനന-മരണ രജിസ്ട്രേഷൻ നടത്തുന്ന ദിവസം തന്നെ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ജനന-മരണ രജിസ്ട്രേഷൻ നടത്തുമ്പോൾ തന്നെ 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിലെ സെക്ഷൻ 12 പ്രകാരം സർട്ടിഫിക്കറ്റ് യാതൊരു ഫീസും കൂടാതെ നൽകുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ആഫീസർ